# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2867 15/12/2015 ൽ മറുപടിക്ക്**

## ടി.ടി.സി സപ്ലിമെന്ററി പരീക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. പി. കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | 2015 ഏപ്രിൽ മാസം നടന്ന ടി.ടി.സി സപ്ലിമെന്ററി പരീക്ഷയ്ക്ക് എത്ര പേർ രജിസ്റ്റർ ചെയ്തിരുന്നുവെന്നും അതിൽ എത്രപേർ പരീക്ഷ എഴുതിയിരുന്നുവെന്നും വ്യക്തമാക്കുമോ; | എ) | 2015 ഏപ്രിൽ മാസം നടന്ന ടി.ടി.സി പരീക്ഷയ്ക്ക് ആകെ 2999 പേർ രജിസ്റ്റർ ചെയ്തിരുന്നു. അതിൽ 2558 പേർ പരീക്ഷ എഴുതി |
| ബി) | ആയതിന്റെ ഫലം പ്രസിദ്ധീകരിച്ചുവോ; എങ്കിൽ എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ; | ബി) & സി) | 20/07/2015 ന് ഫലം പ്രസിദ്ധീകരിച്ചു. 2150 പേർ വിജയിച്ചിട്ടുണ്ട്. എല്ലാ പേർക്കും സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. |
| സി) | പ്രസ്തുത ഫലം പ്രസിദ്ധീകരിച്ചുവെങ്കിൽ എത്രപേർ വിജയിച്ചു; വിജയികളായ എല്ലാപേർക്കും സർട്ടിഫിക്കറ്റുകൾ നൽകിയോ ; | | |
| ഡി) | ഇല്ലെങ്കിൽ സർട്ടിഫിക്കറ്റ് എന്ന് വിതരണം ചെയ്യുമെന്നും പ്രസ്തുത കാലതാമസത്തിനുള്ള കാരണമെന്തെന്നും വിശദമാക്കുമോ? | ഡി) | 2013-14 അധ്യയന വർഷം മുതൽ ടി.ടി.സി പരീക്ഷ ഡി.എഡ് എന്ന പേരിൽ നാല് സെമസ്റ്ററുകളിലാണ് നടത്തുന്നത്. 2013 ലെ ഡി.എഡിന്റെ ആദ്യ ബാച്ച് പുറത്തിറങ്ങിയത് 2015 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ പരീക്ഷയോടെയാണ്. ഡി.എഡ് പരീക്ഷയുടെ നാല് സെമസ്റ്ററുകളുടേയും മാർക്ക് ലിസ്റ്റും സർട്ടിഫിക്കറ്റുകളും അംഗീകരിച്ച് വിതരണം നടത്തുന്നതിന് ആദ്യ പരിഗണന നൽകുകയും അവ പൂർത്തിയാക്കിയതിനു ശേഷമാണ് പ്രൈവറ്റ് വിഭാഗത്തിൽ പരീക്ഷ എഴുതിയ ടി.ടി.സിയുടെ സർട്ടിഫിക്കറ്റ് പ്രിന്റിംഗ് തുടങ്ങിയത്. കൂടാതെ ടി.ടി.സി വിഭാഗത്തിന്റെ പുനർ മൂല്യനിർണ്ണയം കഴിഞ്ഞ് ഫല പ്രഖ്യാപനം നവംബർ മാസത്തിൽ വന്നതുകൂടി പരിഗണിച്ചുള്ള സർട്ടിഫിക്കറ്റാണ് ഇപ്പോൾ പ്രിന്റ് ചെയ്യുന്നത്. അതിൽ ആലുവ മുതൽ കാസർഗോഡ് വരെയുള്ള 20 ഡി.ഇ.ഒ കളിൽ സർട്ടിഫിക്കറ്റുകൾ എത്തിക്കുന്നതിന് 09/12/2015 ന് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഡിസംബർ 30 ന് മുമ്പായി വിതരണം നടത്തുന്നതിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ